"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട് കൊടക്കാട് എ.എം.എൽ.പി. സ്കൂൾ മാനേജർ ടി സ്കൂളിൽ ലോവർ പ്രൈമറി സ്കൂൾ ടീച്ചർമാരായി നിയമിതരായ ശ്രീമതി. വിദ്യ എൻ.പി., ശ്രീമതി. റജീന എൻ.എം., ശ്രീമതി. ശ്രീജ കെ. എന്നിവരുടെ നിയമനം നിരസിച്ചതിനെതിരെ സർക്കാരിൽ സമർപ്പിച്ച പുന:പരിശോധനാഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.3844/2022/GEDN തീയതി,തിരുവനന്തപുരം, 30-06-2022

പരാമർശം:- 1.പൊതുവിദ്യാഭ്യാസഡയറക്ടറുടെ 11/1/2021 ലെ G1/12891/2019/DGE ഉത്തരവ്

2.പാലക്കാട് കൊടക്കാട് എ.എം.എൽ.പി. സ്കൂൾ മാനേജരുടെ 29/01/2021 തീയതിയിലെ പുന:പരിശോധനാഹർജി

ഉത്തരവ്

പാലക്കാട് കൊടക്കാട് എ.എം.എൽ.പി. സ്കൂൾ മാനേജർ, ടി സ്കൂളിൽ ലോവർ പ്രൈമറി സ്കൂൾ ടീച്ചർമാരായി നിയമിതരായ ശ്രീമതി. വിദ്യ എൻ.പി., ശ്രീമതി. റജീന എൻ.എം., ശ്രീമതി. ശ്രീജ കെ. എന്നിവരുടെ നിയമനം നിരസിച്ചതിനെതിരെ സർക്കാരിൽ സമർപ്പിച്ച പരാമർശം 1 പുന:പരിശോ ധനാ ഹർജി പരിശോധിച്ചതിൽ,

പാലക്കാട് കൊടക്കാട് എ.എം.എൽ.പി. സ്കൂൾ മാനേജർ, ശ്രീമതി. വിദ്യ എൻ.പി. യെ 01/06/2017 മുതൽ ശ്രീമതി. വിജയലക്ഷ്മിയുടെ വിരമിക്കൽ ഒഴിവിലും ശ്രീമതി. റജീന എൻ.എം. നെ 02/06/2017 മുതൽ ശ്രീമതി. നാരായണിക്കുട്ടിയുടെ വിരമിക്കൽ ഒഴിവിലും ശ്രീമതി. ശ്രീജ കെ.യെ 08/06/2017 മുതൽ ശ്രീമതി. രമാദേവിയുടെ വിരമിക്കൽ ഒഴിവിലും നിയമിച്ചെങ്കിലും 2016-17 വർഷം അധിക തസ്തികയിൽ നിലനിർത്തിയ 51-A അവകാശിയായ ശ്രീമതി ടി. ശ്രീജയെ 2017-18 വർഷം ഉണ്ടായ ആദ്യത്തെ റഗുലർ തസ്തികയിലേക്ക് മാറ്റി നിയമിച്ചില്ല എന്ന കാരണം ചൂണ്ടിക്കാണിച്ച് മണ്ണാർക്കാട് ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ടി നിയമനങ്ങൾ നിരസിച്ചു. 2015-16 വർഷം കുട്ടികളുടെ കുറവ് മൂലം ഒരു തസ്തിക നഷ്ടപ്പെട്ടതിനാൽ ജൂനിയർ മോസ്റ്റ് ആയ ശ്രീമതി ടി. ശ്രീജയെ ആദ്യം സർക്കാർ സ്കൂളിലേക്കും പിന്നീട് ഒരു എയ്ഡഡ് എൽ.പി.സ്കൂളിലേക്കും വിന്യസിച്ചു. തുടർന്ന് പാലക്കാട് വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ 7.10.2016 ലെ B3/6213/2016 നമ്പർ ഉത്തരവ് പ്രകാരം ശ്രീമതി ടി. ശ്രീജയെ തിരികെ വിളിക്കുകയും ടിയാൾ 14.10.2016 മാതൃ സ്കൂളിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. ഈ സമയം 2016-17 വർഷത്തെ തസ്തിക നിർണ്ണയം നടത്തിയിരുന്നില്ല. പിന്നീട് 2016-17 വർഷത്തെ തസ്തിക നിർണ്ണയം നടത്തുകയും 2015-16 ൽ നഷ്ടപ്പെട്ട തസ്തിക പുനഃസ്ഥാപിക്കുകയും ശ്രീമതി ടി. ശ്രീജയെ ഈ തസ്തികയിൽ നിലനിർത്തുകയും ചെയ്തു. എന്നാൽ 51A അവകാശികളെ തുടർന്ന് വരുന്ന റഗുലർ ഒഴിവിൽ മാറ്റിനിയമിക്കണമെന്ന കാരണം പറഞ്ഞാണ് വ്യവസ്ഥാപിത ഒഴിവിലെ ടി മൂന്ന് നിയമനങ്ങളും മണ്ണാർക്കാട് ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചതും ഇക്കാര്യം ശരിവയ്ക്കുന്ന തരത്തിൽ

പൊതുവിദ്യാഭ്യാസഡയറക്ടർ പരാമർശം ഒന്ന് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും. ആയതിനാൽ 51A അവകാശികളെ തുടർന്ന് വരുന്ന റഗുലർ ഒഴിവിൽ മാറ്റിനിയമിക്കണമെന്ന സർക്കാർ നിർദ്ദേശങ്ങളൊന്നും നിലവിലില്ലാത്തതിനാൽ വ്യവസ്ഥാപിത ഒഴിവുകളിലെ ടി മൂന്ന് നിയമനങ്ങൾ അംഗീകരിക്കാനുള്ള നിർദ്ദേശം മണ്ണാർക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകണമെന്നുമാണ് മാനേജർ പരാമർശം 1 പുന:പരിശോധനാ ഹർജിയിൽ ആവശ്യപ്പെട്ടിരിക്കുന്നത്.

2. സർക്കാർ ടി വിഷയം വിശദമായി പരിശോധിച്ചു. 51A അവകാശികളെ തുടർന്ന് വരുന്ന റഗുലർ ഒഴിവിൽ മാറ്റി നിയമിക്കണമെന്ന തരത്തിൽ പൊതു നിർദ്ദേശങ്ങളൊന്നും സർക്കാർ പുറപ്പെടുവിച്ചിട്ടില്ല. 2015-16 മുതലുള്ള അധിക തസ്തികകൾക്ക് അദ്ധ്യായം 23 ചട്ടം 12 ൽ വരുത്തിയ ഭേദഗതി അനുസരിച്ച് തസ്തിക നിർണ്ണയ തീയതി മുതലേ പ്രാബല്യമുള്ളു എന്ന് ജി ഒ(പി)29/2016 ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. ആയതിനാൽ ശ്രീമതി ടി. ശ്രീജ 51A അവകാശി എന്ന നിലക്ക് അധിക തസ്തികയിൽ നിയമിക്കപ്പെടുന്ന സമയം ഏതെങ്കിലും വ്യവസ്ഥാപിത ഒഴിവ് നിലനിൽക്കുന്നുണ്ടായിരുന്നെങ്കിലേ ജെ2/57/2019 സർക്കുലറിലെ ഖണ്ഡിക I ലെ വ്യവസ്ഥ പ്രകാരം അധിക തസ്തികക്കു പകരം വ്യവസ്ഥാപിത ഒഴിവിൽ ടിയാരിക്ക് നിയമനം നൽകേണ്ടതുള്ളു. മേൽ സാഹചര്യത്തിൽ, അധിക തസ്തികയിൽ നിയമിക്കപ്പെടുന്ന സമയം ഏതെങ്കിലും വ്യവസ്ഥാപിത ഒഴിവ് നിലനിൽക്കുന്നുണ്ടായിരുന്നെങ്കിൽ പ്രസ്തുത ഒഴിവിൽ ശ്രീമതി ടി. ശ്രീജയുടെ നിയമനം പരിഗണിച്ച ശേഷവും അല്ലാത്തപക്ഷം 2017ലുണ്ടായ റിട്ടയർമെന്റ് ഒഴിവുകളിൽ ശ്രീമതി. വിദ്യ എൻ.പി., ശ്രീമതി. റജീന എൻ.എം., ശ്രീമതി. ശ്രീജ കെ. എന്നിവർക്ക് അവരുടെ നിയമനത്തീയതി മുതൽ മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ നിയമനാംഗീകാരം നൽകാനും മണ്ണാർക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി, പാലക്കാട് കൊടക്കാട് എ.എം.എൽ.പി. സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച പരാമർശം രണ്ടിലെ പുന:പരിശോധനാ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മീനാംബിക എം.ഐ
ജോയിന്റ് സെക്രട്ടറി

പകർപ്പ്:-

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്.
മാനേജർ, എ എം എൽ പി സ്കൂൾ, കൊടക്കാട്, പാലക്കാട്.
പ്രഥമാദ്ധ്യാപകൻ, എ എം എൽ പി സ്കൂൾ, കൊടക്കാട്, പാലക്കാട്
വിവര പൊതുജന സമ്പർക്ക (വെബ്പ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്പ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സ.ഉ.(സാധാ) നം.3844/2022/GEDN

Signed by Shahna Kumari S L
Date: 01-07-2022 10:32:03
സെക്ഷൻ ഓഫീസർ